# ഒളിഞ്ഞുനോട്ടവും കട്ടുകേൾവിയും

عَن أَبِى هُرَيْرَةَ رَضِي اللَّهُ عَنهُ قَالَ: سَمِعْتُ رَسُولَ اللَّهِ ﷺ يَقُولُ : لَوِ اطّلَعَ فِى بَيْتِكَ أَحَدٌ وَلَمْ تَأْذَنْ لَهُ حَدَفْتَهُ بِحَصَاةٍ فَفَقَأْتَ عَينَهُ مَا كَانَ عَلَيْكَ مِنْ جُنَاحٍ

**അബൂഹുറയ്‌റയിൽനിന്ന്: നബി(സ) പറയുന്നത് ഞാൻ കേട്ടു. “നിന്റെ അനുവാദമില്ലാതെ നിന്റെ വീട്ടിലേക്കൊരാൾ ഒളിഞ്ഞു നോക്കി. നീയവനെ കല്ലെടുത്തു എറിഞ്ഞു. അങ്ങനെ അവന്റെ കണ്ണ് പൊട്ടിപ്പോയി. എങ്കിൽ നിന്റെ മേൽ കുറ്റമില്ല.” (ബുഖാരി)**

**അനുവാദമില്ലാതെ** അന്യരുടെ വീടുകളിൽ എത്തിനോക്കി അവരുടെ രഹസ്യങ്ങൾ ചുഴിഞ്ഞന്വേഷിക്കുന്ന സദാചാരവിരുദ്ധ പ്രവർത്തനവും അതിനോട് വിശ്വാസികൾ സ്വീകരിക്കേണ്ട കർക്കശ നിലപാടും വിവരിക്കുന്ന ഹദീസാണിത്.

മനുഷ്യരെന്ന നിലയിൽ പലരും പലതരക്കാരാണ്. സ്വകാര്യവും പരസ്യവുമായ ജീവിതം ഓരോരുത്തർക്കുമുണ്ടാകും. വീഴ്ചകളും പിഴവുകളും, നന്മയും തിന്മയും കാണും. സ്വാഭാവികം! ഈ സ്വകാര്യതയെ ഭേദിക്കാൻ ഇസ്‌ലാം ആരെയും അനുവദിക്കുന്നില്ല. ഇവ യഥോചിതം പരിരക്ഷിക്കുകയാണ് ഇസ്‌ലാം ചെയ്യുന്നത്.

ഒരു കുറ്റാന്വേഷണത്തിന്റെ ഭാഗമായിപ്പോലും ആളുകളുടെ മറഞ്ഞുകിടക്കുന്ന ന്യൂനതകളെ ചുഴിഞ്ഞു നോക്കാൻ പാടില്ലെന്നതാണ് ഇസ്‌ലാമിന്റെ നിലപാട്. രഹസ്യമറ പൊളിച്ച് അപ്പുറത്തുള്ള കാര്യങ്ങൾ കണ്ടുപിടിക്കാൻ പാടുപെടുന്നത് ഖുർആൻ കർശനമായി വിലക്കിയിട്ടുണ്ട്. അല്ലാഹു പറയുന്നു: “അന്യരുടെ രഹസ്യങ്ങൾ നിങ്ങൾ ചുഴിഞ്ഞന്വേഷിക്കരുത്” (*ഹുജുറാത്ത്* 12).

തെറ്റുകുറ്റങ്ങൾ പരസ്യപ്പെടുത്താതിരിക്കാനും ന്യൂനതകൾ മറച്ചുവെക്കാനുമാണ് വിശ്വാസികളെ നബി ഉപദേശിക്കുന്നത്: “ഒരാൾ ഒരു സത്യവിശ്വാസിയുടെ രഹസ്യം മറച്ചുവെച്ചാൽ കുഴിച്ചുമൂടിയ കുഞ്ഞിനെ ഖബറിൽനിന്ന് രക്ഷിക്കുന്നതു

പോലുള്ള സൽപ്രവൃത്തിയാണത്" (അബൂദാവൂദ്).

ആളുകളെ അവരുടെ ബാഹ്യപ്രവർത്തനങ്ങൾ നോക്കിയാണ് വിലയിരുത്തേണ്ടത്. അതിനുവേണ്ടി അവന്റെ ഉള്ളറകൾ പരതേണ്ട ആവശ്യമില്ല. അവരുടെ പിന്നാലെ പോയി ചാരപ്പണിയും നടത്തരുത്. ഇതൊന്നും സത്യവിശ്വാസിയുടെ സ്വഭാവമല്ല. ചുഴിഞ്ഞന്വേഷണം അനിവാര്യമായ ചില സാഹചര്യങ്ങളുണ്ട്. ഉദാഹരണമായി വിവാഹാന്വേഷണങ്ങൾ വരുമ്പോൾ ആ വ്യക്തിയുടെ സ്വഭാവം പഠിക്കാൻ വേണ്ടി അങ്ങനെ ചെയ്യുന്നതിന് വിരോധമില്ല.

അടിസ്ഥാനപരമായി മനുഷ്യരെല്ലാം നിരപരാധികളാണെന്നാണ് ഇസ്‌ലാമിന്റെ വീക്ഷണം. കുറ്റം സംഭവിക്കുകയും അത് കണ്ടുപിടിക്കുകയും ചെയ്യാതെ സംശയത്തിന്റെയും ഊഹത്തിന്റെയും പേരിൽ ആരെയും വിചാരണ ചെയ്യുകയോ ശിക്ഷിക്കുകയോ ചെയ്യാവതല്ല. ആയിരം അപരാധികൾ രക്ഷപ്പെട്ടാലും ഒരു നിരപരാധിയും ശിക്ഷിക്കപ്പെടരുതെന്ന തത്ത്വം തന്നെയാണിത്.

ഒരിക്കൽ പ്രജകളുടെ സ്ഥിതി നേരിട്ടറിയാൻ ഖലീഫ ഉമർ(റ) രാത്രി ചുറ്റി സഞ്ചരിക്കുകയായിരുന്നു. അപ്പോഴതാ, ഒരു വീട്ടിൽനിന്ന് സംഗീതം കേൾക്കുന്നു. ഉമർ(റ) മതിൽചാടി വീട്ടിനകത്ത് കയറി. അവിടെ ഒരു സ്ത്രീയും ഒരു പുരുഷനുമുണ്ട്. മുന്നിൽ മദ്യക്കുപ്പിയും!! അദ്ദേഹം പറഞ്ഞു: "അല്ലാഹുവിന്റെ ശത്രൂ, നിന്റെ ഈ തെമ്മാടിത്തം ആരും കാണുന്നില്ലെന്ന് വിചാരിച്ചോ?" അയാൾ പറഞ്ഞു: "അമീറുൽ മുഅ്മിനീൻ, അവിടുന്ന് ധൃതിപ്പെടരുത്. ഞാൻ ഒരു തെറ്റ് ചെയ്തിട്ടുണ്ടെങ്കിൽ അങ്ങ് മൂന്ന് തെറ്റ് ചെയ്തിട്ടുണ്ട്. അല്ലാഹു ചുഴിഞ്ഞന്വേഷിക്കരുതെന്ന് കൽപിച്ചു. താങ്കൾ അത് ചെയ്തു. പിൻവാതിലിലൂടെ വീട്ടിൽ ചെല്ലരുതെന്ന നിയമവും അങ്ങ് ലംഘിച്ചു. അനുവാദം കൂടാതെയാണ് അങ്ങ് മതിൽ ചാടി ഇവിടെ കടന്നത്. ഇത് മൂന്നാമത്തെ തെറ്റ്." ഈ മറുപടി കേട്ട ഉമർ തെറ്റ് സമ്മതിച്ചു. അയാൾക്കെതിരെ ഒരു നടപടിയും എടുത്തില്ല അദ്ദേഹം.

നബി(സ) അരുളി: "ഒരാൾ മറ്റുള്ളവരുടെ സംസാരം കട്ടുകേൾക്കുന്നു, അവരത് ഇഷ്ടപ്പെടുന്നില്ല, എങ്കിൽ പരലോകത്ത് കട്ടുകേട്ടവന്റെ ചെവിയിൽ അല്ലാഹു ഈയമൊഴിക്കും" (ബുഖാരി).

സാമൂഹിക ജീവിതത്തിൽ കുഴപ്പവും ശത്രുതയും വിതക്കുന്ന ഈ ദുഃസ്വഭാവത്തിന്റെ ഗൗരവം വിശ്വാസികൾ സദാ ഓർമിക്കേണ്ടതാണ്. ■

**അബ്ദുൽജബ്ബാർ കൂരാരി**